കൂടി ലഭ്യമാകുന്നതാണ്. ബോഡി കെട്ടിയ വണ്ടികൾക്കാണ് ഐ.ഡി. ബി.ഐ. ലോൺ നൽകുന്നതെന്നുള്ളതുകൊണ്ട് ലെയ്ലൻറ് വണ്ടികൾ ബോഡികെട്ടിയാണ് വാങ്ങുന്നത്. ഇതിനെ സംബന്ധിച്ച് സഭയ്ക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ അങ്ങ് അനുവദിക്കുന്ന മറ്റൊരവസരത്തിൽ ഇതിന്റെ വിശദാംശങ്ങൾ ശേഖരിച്ച് സഭയിൽ ഒരു പ്രസ്താവന ചെയ്യാൻ ഞാൻ തയ്യാറാണ്.

## എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി.പി. വർക്കുകൾക്കു കൊടുക്കുന്ന അരിയും ഗോതമ്പും

* 235 [372] ശ്രീ. എ. കെ. പത്മനാഭൻ:
,, ടി. കെ. അബ ദു:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, സി. കെ. തങ്കപ്പൻ:
,, ടി. കെ. ആറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികൾ പ്രകാരം ബ്ലോക്കുകൾ നടത്തുന്ന വർക്കുകൾക്ക് നൽകുന്ന അരിയും ഗോതമ്പും എത്തിച്ചുകൊടുക്കുന്നതിന് നിലവിലുള്ള സംവിധാനമെന്ത്;

(ബി) കോൺട്രാക്ടർമാർ മുഖാന്തിരമാണോ ഇവ എത്തിക്കുന്നത്;

(സി) എങ്കിൽ കോൺട്രാക്ടർമാരെ നിശ്ചയിക്കുന്നത് എന്തു മാനദണ്ഡമനുസരിച്ചാണ്; ടെൻഡർ വിളിച്ചാണോ കോൺട്രാക്ട് നൽകുന്നത്;

(ഡി) ഇതിൽ അഴിമതി നടന്നിട്ടുണ്ടെന്ന് അറിയുന്നത് ശരിയാണോ;

(ഇ) ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽനിന്നും ഈ ഇനത്തിലുള്ള ധാന്യങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് ഓരോ ജില്ലയിലും കഴിഞ്ഞ സാമ്പത്തിക വർഷം ചെലവായ തുക എത്ര വീതം?

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികൾക്ക് അനുവദിക്കുന്ന ഭക്ഷ്യ ധാന്യം അതാതു ബി. ഡി. ഒ.-മാർ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകളിൽനിന്ന് ശേഖരിക്കുകയും അത് ജോലിയുടെ തോതനുസരിച്ച് കൂൺവീനർമാർക്ക് കൊടുക്കുകയും അവർ ആ ഭക്ഷ്യധാന്യങ്ങൾ തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. ഇതാണ് നിലവിലുള്ള സംവിധാനം.

(ബി) അല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വിതരണത്തിൽ ചില അപാകതകൾ ഉണ്ടെന്നു പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇവയെക്കുറിച്ച് അന്വേഷണം നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. എ. കെ. പത്മനാഭൻ: എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതി പ്രകാരം അരിയും ഗോതമ്പും ബി. ഡി. ഒ.-മാർക്ക് നേരിട്ട് അലോട്ട് ചെയ്യുകയാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. യഥാർത്ഥത്തിൽ അരിയും ഗോതമ്പും തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സാധാരണയായി നമ്മുടെ വികസന ബ്ലോക്കുകൾ വഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് അലോട്ട് ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ ഇപ്പോൾ നിലവിലുള്ള നിയമമനുസരിച്ച് ബി. ഡി. ഒ. മാർ രണ്ടാഴ്ചത്തേക്ക് ഉള്ളത് എഫ്. സി. ഐ. ഗോഡൗണിൽനിന്ന് ശേഖരിച്ച് വയ്ക്കുകയും മസ്റ്ററോൾ അനുസരിച്ച് വി. ഇ. ഒ. മാരുടെ സാന്നിദ്ധ്യത്തിൽ നോമിനികൾ ഇത് വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. ഇതിലെന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ ഗവൺമെൻറ് നടപടികളെടുക്കുവാൻ സന്നദ്ധമാണ്.

ശ്രീ. എ. കെ. പത്മനാഭൻ: തൊഴിലാളികൾക്ക് ഈ അരിയും ഗോതമ്പും വിതരണം ചെയ്യുന്നില്ലെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിയടക്കം നമുക്കെല്ലാവർക്കുമറിയാം. ജോലിക്ക് കൂലി ക്ഷേണമെന്നുള്ളതിന്റെ തുടർച്ചയെന്നുള്ള നിലയ്ക്കാണ് അരിയും ഗോതമ്പും വിതരണം ചെയ്യുന്നത്. യഥാർത്ഥത്തിൽ തൊഴിലാളികൾ ഗോതമ്പ് തീരെ വാങ്ങുകയില്ല, അരി വിതരണം ചെയ്യുന്ന സംവിധാനവുമില്ല. ഇപ്പോൾ ആന്ധ്ര ഇന്ത്യ പാറേൺ അനുസരിച്ചാണ് ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. പദ്ധതികളെല്ലാം നടക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രായോഗികമായി ഇത് നടപ്പിലാക്കുവാൻ എന്തെങ്കിലും പദ്ധതി ഗവൺമെൻറ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: തീർച്ചയായിട്ടും കുറെക്കൂടി എഫക്ടീവാക്കാൻ ശ്രമിക്കുന്നതാണ്. കാരണം ഒരു കിലോഗ്രാം അരിക്ക് ഒരു രൂപ എൺപത്തഞ്ചു പൈസയും ഒരു കിലോഗ്രാം ഗോതമ്പിന് ഒരു രൂപ അൻപതു പൈസയുമാണ്. നമ്മുടെ പാവപ്പെട്ട തൊഴിലാളികൾക്ക് ഇത് പൂർണ്ണമായി ലഭ്യമാക്കണമെന്നുള്ളതുതന്നെയാണ് ഗവൺമെൻറിന്റെ ഉദ്ദേശം. അതിനെക്കുറിച്ച് എന്തെങ്കിലും നിർദ്ദേശം ഏത് ഭാഗത്തുനിന്നുമുണ്ടായാലും തീർച്ചയായും ഗവൺമെൻറ് പരിഗണിക്കുന്നതാണ്, അതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

ശ്രീ. ടി. കെ. അബ്ദു: എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ വർക്കുകൾ നടത്തുന്ന നോമിനികൾക്ക് ഈ സംസ്ഥാനത്ത് ഒരു സ്ഥലത്തും ബ്ലോക്കുകളിൽനിന്ന് ഗോതമ്പ് ഇതുവരെ വിതരണം ചെയ്തിട്ടില്ല. എനിക്ക് നേരിട്ടറിയാവുന്ന, എറണാകുളം ജില്ലയിൽ കല്ലുങ്ങൽ പോലെ എന്നു പറയുന്ന ആന്ധ്ര ആ ജില്ലയിലെ ഇതിന്റെ കോൺട്രാക്ടറാണ്.. അയാൾ ഒരു ഗോഡൗണിൽനിന്നും ഒരു ചാക്ക് അരിയോ, ഗോതമ്പോ കൊണ്ടുവന്ന് ബ്ലോക്കിന്റെ കെട്ടിടത്തിൽ ഇതുവരെ വച്ചിട്ടില്ല. ഇങ്ങനെ, ചെയ്യാത്ത ഒരു പണിക്ക് അലോട്ട് ചെയ്തു, ട്രാൻസ്പോർട്ടിംഗ് നടത്തി ബ്ലോക്കിൽ കൊണ്ടുവന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്ന് കള്ള റെക്കോർഡുണ്ടാക്കി പണമെടുക്കുന്ന സമ്പ്രദായം ഏത് മന്ത്രിയുടെ കാലത്ത് ആരംഭിച്ചതാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: വ്യക്തമായ പരാതി ബഹുമാനപ്പെട്ട അംഗത്തിനുണ്ടെങ്കിൽ എഴുതിത്തന്നാൽ ഗവൺമെന്റ് തീർച്ചയായിട്ടും അതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

ശ്രീ. ടി. കെ. അബ്ദു: ഇക്കാര്യത്തെക്കുറിച്ച് അതായത്, ഗോതമ്പ് ഇറക്കുമതി ചെയ്യുന്നതിൽ വന്നിച്ച അഴിമതി എന്നു പറഞ്ഞുകൊണ്ട് ശ്രീ. ലോനപ്പൻ നമ്പാടന്റെ ഒരു ലേഖനവും അതുപോലെതന്നെ എറണാകുളം ജില്ലയിൽനിന്നുമുള്ള പത്രപ്രസ്താവനയും ഒക്കെ മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഈ അഴിമതി തെളിയിക്കുന്നതിന് ഞങ്ങൾ തയ്യാറാണ്, അതിനെക്കുറിച്ച് അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കൽപ്പറ്റയിൽ ദേശാഭിമാനി പത്രത്തിൽ ഒരു റിപ്പോർട്ടും മലയാള മനോരമ തിരുവനന്തപുരം ലേഖകന്റെ പേര് വച്ചുള്ള ഒരു റിപ്പോർട്ടും ഗവൺമെന്റിന്റെ അടുക്കൽ വരികയുണ്ടായി. അതിനെക്കുറിച്ച് ഗവൺമെന്റ് തലത്തിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. പദ്ധതിപ്രകാരം ഇപ്പോൾ കൊടുക്കുന്ന അരി ഉപയോഗശൂന്യമായ ഇരുമ്പരിയാണെന്നും അത് തൊഴിലാളികൾക്ക് കഴിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പല പ്രദേശങ്ങളിലും വർഷങ്ങളായി ഗോഡൗണിൽ കെട്ടിക്കിടക്കുകയാണെന്നും ബി. ഡി. ഒ.-മാർക്ക് അതേറെടുക്കുവാനോ, നോമിനിക്ക് കൊടുക്കുവാനോ കഴിയാതിരിക്കുകയും ചെയ്യുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന് പരിഹാരം കാണാനുള്ള നടപടിയെടുക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കുറെ നാളുകൾക്ക് മുമ്പ് മോശമായ അരി എഫ്. സി. ഐ. ഗോഡൗണിൽനിന്നും ലഭിച്ചിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റുമായി സംസാരിക്കുകയും നല്ല അരി വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ എല്ലായിടത്തും നല്ല അരിയാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ എഫ്. സി. ഐ.യുമായി സംസാരിച്ച് നല്ല അരി വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുന്നതാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: 1985-86 വർഷത്തിൽ നമ്മുടെ രാജ്യത്ത് ഈ വർക്കുകൾക്കുവേണ്ടി കൊടുക്കേണ്ടിയിരുന്ന ക്ഷ്യ ധാന്യങ്ങളായ അരിയും ഗോതമ്പും എത്രയാണ്, അതിൽ എത്രമാത്രം കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രമേശ് ചെന്നിത്തല: 1986-'87 വർഷത്തിൽ സംസ്ഥാനത്ത് ലഭിച്ചിട്ടുള്ള അലോട്ട്മെന്റ് എൻ. ആർ. ഇ. പി: പ്രകാരം അരി 9420 മെട്രിക് ടൺ, ഗോതമ്പ് 9420 മെട്രിക് ടൺ ആർ.എൽ.ഇ.ജി.പി. പ്രകാരമുള്ള അലോട്ട്മെന്റ് അരി 9420 മെട്രിക് ടൺ, ഗോതമ്പ് 9420 മെട്രിക് ടൺ. ഇത്രയുമാണ് അനുവദിച്ചിട്ടുള്ളത്.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി

*236 [374] ശ്രീ. കെ. ആർ. ചന്ദ്രമോഹൻ:
,, കെ. പി. പ്രഭാകരൻ:
,, കെ. ടി. കുണാരൻ:
,, കാനം രാജേന്ദ്രൻ:
,, എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് കോച്ച് നിർമ്മാണം, പ്രിന്റിംഗ് സ്പെയർപാർട്ട് നിർമ്മാണം എന്നീ ഉൽപ്പാദന മേഖലകളിലേക്കുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കോർപ്പറേഷന്റെ പ്രവർത്തനത്തിന് സ്വന്തമായി ഒരു പ്രിന്റിംഗ് പ്രസ് തുടങ്ങുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് നീക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ, ബി) ബസ് കോച്ച് നിർമ്മാണം, സ്പെയർപാർട്ട് നിർമ്മാണം എന്നീ ഉൽപ്പാദന മേഖലകളിൽക്കൂടി കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ തൽക്കാലം ഉദ്ദേശമില്ല. ബസ് ബോഡി നിർമ്മാണം സാമ്പത്തിക സൗകര്യം അനുസരിച്ചും ചേസിസിന്റെ ലഭ്യത അനുസരിച്ചും നടത്തുന്നുണ്ട്.

(സി) സാങ്കേതിക തടസ്സമൊന്നുമില്ല. സാമ്പത്തിക പരിമിതിയാണ് പ്രധാന കാരണം.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly